എ.വൈ.ആർ

സൂറഃ-9

# അത്തൗബ

۞ إِنَّمَا ٱلسَّبِيلُ عَلَى ٱلَّذِينَ يَسْتَـْٔذِنُونَكَ وَهُمْ أَغْنِيَآءُ ۚ رَضُوا۟ بِأَن يَكُونُوا۟
مَعَ ٱلْخَوَالِفِ وَطَبَعَ ٱللَّهُ عَلَىٰ قُلُوبِهِمْ فَهُمْ لَا يَعْلَمُونَ ٩٣

**93.** സമ്പന്നരായിരുന്നിട്ടും സമരത്തിൽനിന്നു വിട്ടുനിൽക്കാൻ അനുവാദം തേടുന്നവരെ മാത്രമാകുന്നു കുറ്റപ്പെടുത്താൻ ന്യായമുള്ളത്. സമരശേഷിയില്ലാത്തതിനാൽ വീട്ടിലിരിക്കുന്നവരോടൊപ്പം കഴിയാനിഷ്ടപ്പെടുകയായിരുന്നു അവർ. അല്ലാഹു അവരുടെ മനസ്സുകൾ അടച്ചുപൂട്ടിയിരിക്കുന്നു. അതിനാൽ അവർ യാഥാർഥ്യം അറിയുന്നില്ല.

يَعْتَذِرُونَ إِلَيْكُمْ إِذَا رَجَعْتُمْ إِلَيْهِمْ ۚ قُل لَّا تَعْتَذِرُوا۟
لَن نُّؤْمِنَ لَكُمْ قَدْ نَبَّأَنَا ٱللَّهُ مِنْ أَخْبَارِكُمْ ۚ وَسَيَرَى ٱللَّهُ
عَمَلَكُمْ وَرَسُولُهُۥ ثُمَّ تُرَدُّونَ إِلَىٰ عَٰلِمِ ٱلْغَيْبِ وَٱلشَّهَٰدَةِ فَيُنَبِّئُكُم
بِمَا كُنتُمْ تَعْمَلُونَ ٩٤

**94.** നിങ്ങൾ തിരിച്ചെത്തിയാൽ അവർ പലവിധ ഒഴികഴിവുകളുമായെത്തും. നീ അവരോട് പറയണം: ക്ഷമാപണമൊന്നും വേണ്ട. ഞങ്ങൾ നിങ്ങളെ ഒട്ടും വിശ്വസിക്കുന്നില്ല. നിങ്ങളുടെ നിജസ്ഥിതി അല്ലാഹു ഞങ്ങളെ ഉണർത്തിക്കഴിഞ്ഞിരിക്കുന്നു. ഇനിയുള്ള നിങ്ങളുടെ പ്രവർത്തനം അല്ലാഹുവും അവന്റെ ദൂതനും കണ്ടറിഞ്ഞുകൊള്ളും. അനന്തരം നിങ്ങൾ ദൃശ്യാദൃശ്യങ്ങളൊക്കെയും അറിയുന്നവങ്കലേക്ക് മടക്കപ്പെടുന്നതാകുന്നു. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതെന്തെന്ന് അപ്പോൾ അവൻ നിങ്ങളെ അറിയിക്കുകയും ചെയ്യും.

سَيَحْلِفُونَ بِٱللَّهِ لَكُمْ إِذَا ٱنقَلَبْتُمْ إِلَيْهِمْ لِتُعْرِضُوا۟ عَنْهُمْ ۖ فَأَعْرِضُوا۟ عَنْهُمْ ۖ
إِنَّهُمْ رِجْسٌ ۖ وَمَأْوَىٰهُمْ جَهَنَّمُ جَزَآءًۢ بِمَا كَانُوا۟ يَكْسِبُونَ ٩٥

**95.** നിങ്ങൾ തിരിച്ചെത്തിയാൽ, നിങ്ങളവരോട് ക്ഷമിക്കാൻ അവർ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു അപേക്ഷിച്ചുകൊണ്ടിരിക്കും. അപ്പോൾ അവരെ അവഗണിച്ചുകളയണം. വെറും ചവറാണവർ. തങ്ങൾ ചെയ്തുകൂട്ടിയ പാപങ്ങളുടെ ഫലമായി നരകമാണവരുടെ അന്തിമ സങ്കേതം.

يَحْلِفُونَ لَكُمْ لِتَرْضَوْا۟ عَنْهُمْ ۖ فَإِن تَرْضَوْا۟ عَنْهُمْ فَإِنَّ ٱللَّهَ لَا يَرْضَىٰ عَنِ
ٱلْقَوْمِ ٱلْفَٰسِقِينَ ٩٦

**96.** നിങ്ങൾ തൃപ്തിപ്പെടാനാണവർ സത്യം ചെയ്യുന്നത്. അങ്ങനെ നിങ്ങൾ തൃപ്തിപ്പെടുകയാണെങ്കിൽ തന്നെ അധർമികളായ ജനത്തോട് അല്ലാഹു ഒരിക്കലും തൃപ്തിപ്പെടാൻ പോകുന്നില്ല.

ٱلْأَعْرَابُ أَشَدُّ كُفْرًا وَنِفَاقًا وَأَجْدَرُ أَلَّا يَعْلَمُوا۟ حُدُودَ مَآ
أَنزَلَ ٱللَّهُ عَلَىٰ رَسُولِهِۦ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ٩٧

**97.** കൊടിയ ധർമവിരോധികളും കപടന്മാരുമാകുന്നു ഈ ബദവി അറബികൾ. അല്ലാഹു അവന്റെ ദൂതന് അവതരിപ്പിച്ച നിയമപരിധികളിൽ അജ്ഞരായിരിക്കാൻ കൂടുതൽ അർഹതയുള്ളവരുമാണവർ. അല്ലാഹു യുക്തിമാനായ സർവജ്ഞനല്ലോ.

إِنَّمَا ٱلسَّبِيلُ= (കുറ്റപ്പെടുത്താൻ) വഴി (ന്യായമുള്ളത്)

عَلَى ٱلَّذِينَ يَسْتَـْٔذِنُونَكَ= (സമരത്തിൽനിന്നു വിട്ടുനിൽക്കാൻ) നിന്നോട് അനുവാദം തേടുന്നവരുടെമേൽ മാത്രമാകുന്നു

وَهُمْ أَغْنِيَاءُ = അവർ സമ്പന്നരായിരുന്നിട്ടും رَضُوا = അവർ ഇഷ്ടപ്പെട്ടു(ടുകയായിരുന്നു) بِأَن يَكُونُوا = അവർ ആകാൻ (കഴിയാൻ)
مَعَ الْخَوَالِفِ= (സമരശേഷിയില്ലാത്തതിനാൽ വീട്ടിലിരിക്കുന്നവരോടൊപ്പം) പിന്നിൽ നിന്നവരോടൊപ്പം
وَطَبَعَ اللَّهُ = (അടച്ചുപൂട്ടി) അല്ലാഹു മുദ്രവെച്ചു عَلَىٰ قُلُوبِهِمْ = അവരുടെ ഹൃദയങ്ങളിന്മേൽ فَهُمْ = അതിനാൽ അവർ
لَا يَعْلَمُونَ = അവർ(യാഥാർഥ്യം) അറിയുന്നില്ല يَعْتَذِرُونَ= (കളുമായെത്തും) അവർ (പലവിധ) ഒഴികഴിവുകൾ പറയും
إِلَيْكُمْ= (നിങ്ങളോട്) നിങ്ങളിലേക്ക് إِذَا رَجَعْتُمْ= നിങ്ങൾ തിരിച്ചെത്തിയാൽ إِلَيْهِمْ= അവരിലേക്ക് قُل= നീ (അവരോട്) പറയുക
لَّا تَعْتَذِرُوا= (ക്ഷമാപണമൊന്നും വേണ്ട) നിങ്ങൾ ഒഴികഴിവുകൾ പറയേണ്ട لَن نُّؤْمِنَ لَكُمْ= ഞങ്ങൾ നിങ്ങളെ ഒട്ടും വിശ്വസിക്കുന്നില്ല
قَدْ نَبَّأَنَا اللَّهُ= (ഉണർത്തിക്കഴിഞ്ഞിരിക്കുന്നു) അല്ലാഹു ഞങ്ങളെ അറിയിച്ചു
مِنْ أَخْبَارِكُمْ= (നിജസ്ഥിതി) നിങ്ങളുടെ വാർത്തകളിൽനിന്ന് وَسَيَرَى اللَّهُ= (കണ്ടറിഞ്ഞുകൊള്ളും) അല്ലാഹു അറിയും
عَمَلَكُمْ= നിങ്ങളുടെ പ്രവർത്തനം (ഇനിയുള്ള) وَرَسُولُهُ= അവന്റെ ദൂതനും ثُمَّ= അനന്തരം
تُرَدُّونَ= (ന്നതാകുന്നു) നിങ്ങൾ മടക്കപ്പെടും إِلَىٰ عَالِمِ الْغَيْبِ وَالشَّهَادَةِ= ദൃശ്യാദൃശ്യങ്ങളൊക്കെയും അറിയുന്നവങ്കലേക്ക്
فَيُنَبِّئُكُم= അപ്പോൾ അവൻ നിങ്ങളെ അറിയിക്കും بِمَا كُنتُمْ تَعْمَلُونَ= (എന്തെന്ന്) നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെ
سَيَحْلِفُونَ بِاللَّهِ= (ചെയ്ത് അപേക്ഷിച്ചുകൊണ്ടിരിക്കും) അവർ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യും لَكُمْ= നിങ്ങളോട്
إِذَا انقَلَبْتُمْ= നിങ്ങൾ തിരിച്ചെത്തിയാൽ إِلَيْهِمْ= അവരിലേക്ക് لِتُعْرِضُوا= നിങ്ങൾ വിട്ടുവീഴ്ച ചെയ്യാൻ, ക്ഷമിക്കാൻ عَنْهُمْ= അവരോട്
فَأَعْرِضُوا عَنْهُمْ= അപ്പോൾ നിങ്ങൾ അവരെ അവഗണിച്ചു കളയണം إِنَّهُمْ= അവർ رِجْسٌ= മാലിന്യം, ചവറ് ആകുന്നു
وَمَأْوَاهُمْ= അവരുടെ (അന്തിമ)സങ്കേതം جَهَنَّمُ= നരകമാകുന്നു جَزَاءً= പ്രതിഫലമായി
بِمَا كَانُوا يَكْسِبُونَ= (ചെയ്തുകൂട്ടിയ പാപ കർമങ്ങളുടെ) അവർ സമ്പാദിച്ചു കൊണ്ടിരുന്നതിന്
يَحْلِفُونَ= (ന്നത്) അവർ സത്യം ചെയ്യുന്നു لَكُمْ= നിങ്ങളോട് لِتَرْضَوْا عَنْهُمْ= (ആണ്) അവരോട് നിങ്ങൾ തൃപ്തിപ്പെടാൻ
فَإِن تَرْضَوْا عَنْهُمْ= (തന്നെ) അങ്ങനെ നിങ്ങൾ അവരോടു തൃപ്തിപ്പെട്ടാൽ
فَإِنَّ اللَّهَ لَا يَرْضَىٰ= (ടാൻ പോകുന്നില്ല) അല്ലാഹു തൃപ്തിപ്പെടുന്നില്ല عَنِ الْقَوْمِ الْفَاسِقِينَ= അധർമികളായ ജനത്തോട്
الْأَعْرَابُ= ഈ ബദവി അറബികൾ, ഗ്രാമീണർ أَشَدُّ= (കൊടിയ) ഏറ്റവും കടുത്തവരാകുന്നു كُفْرًا= (ധികളും) ധർമവിരോധത്താൽ
وَنِفَاقًا= (കപടന്മാരും) കാപട്യത്താലും وَأَجْدَرُ= ഏറ്റവും അർഹരും, യോഗ്യരും ആകുന്നു
أَلَّا يَعْلَمُوا= (അജ്ഞരായിരിക്കാൻ) അവർ അറിയാതിരിക്കാൻ حُدُودَ= (നിയമ) പരിധികൾ مَا أَنزَلَ اللَّهُ= അല്ലാഹു അവതരിപ്പിച്ച
عَلَىٰ رَسُولِهِ= അവന്റെ ദൂതന് وَاللَّهُ عَلِيمٌ= അല്ലാഹു സർവജ്ഞനല്ലോ حَكِيمٌ= യുക്തിമാനായ

**93:** എല്ലാവിധ സൗകര്യങ്ങളുമുണ്ടായിട്ടും സമര സജ്ജരാകേണ്ട സന്ദർഭങ്ങളിൽ ഒളിച്ചോടുകയോ വ്യാജമായ കാരണങ്ങൾ പറഞ്ഞ് മാറിനിൽക്കാൻ അനുവാദം തേടുകയോ ചെയ്യുന്നവർ മാത്രമാണ് യഥാർഥത്തിൽ ആദർശ വഞ്ചകരെന്ന ആരോപണത്തിനർഹരാകുന്നത്. غنيّ ന്റെ ബഹുവചനമാണ് أَغْنِيَاءُ . യാതൊരുവിധ പരാശ്രയവും വേണ്ടാത്തവൻ, ആവശ്യങ്ങളൊന്നുമില്ലാത്തവൻ, എല്ലാംകൊണ്ടും സ്വയംപര്യാപ്തൻ എന്നൊക്കെയാണ് غنيّന്റെ ഭാഷാർഥം. ഈയർഥത്തിൽ غنيّ അല്ലാഹുമാത്രമാണ്. അല്ലാഹുവിന്റെ മഹിതനാമങ്ങളിൽ - أسماء الحسنى - ഒന്നായി അതെണ്ണപ്പെടുന്നു. പ്രയോഗത്തിൽ ഏതെങ്കിലും കാര്യത്തിൽ സ്വയംപര്യാപ്തിയുള്ളവൻ എന്ന അർഥത്തിലും غنيّ എന്ന് പറയാറുണ്ട്. മരുന്നുകളുടെയും വൈദ്യന്മാരുടെയും ആവശ്യമില്ലാത്തവണ്ണം ആരോഗ്യവാൻ ആ അർഥത്തിൽ غنيّ ആണ്. ജീവിക്കാൻ അന്യരുടെ സാമ്പത്തിക സഹായം വേണ്ടാത്തവനും غنيّ ആകുന്നു. അങ്ങനെയാണ് സമ്പന്നൻ غنيّ ആകുന്നത്. ഈയർഥത്തിലാണ് أَغْنِيَاءُ എന്ന പദം സാധാരണ ഉപയോഗിക്കാറുള്ളതും. ഇവിടെ أَغْنِيَاءُ ഉപയോഗിച്ചിരിക്കുന്നത്, നേരത്തെ أولوا الطّول എന്നുപയോഗിച്ച അതേ അർഥത്തിലാണ്. സാമ്പത്തികമായി കഴിവില്ലാത്തവരെ പരാമർശിച്ച ശേഷം പരാമർശിക്കുന്ന കഴിവുള്ളവർ, മുഖ്യമായും സാമ്പത്തികമായി കഴിവുള്ളവരായിരിക്കുമല്ലോ. അതുകൊണ്ടാവാം ഈ സന്ദർഭത്തിൽ أَغْنِيَاءُ എന്നുപയോഗിച്ചത്. എങ്കിലും സമരത്തിൽ പങ്കെടുക്കാനാവശ്യമായ മറ്റു കഴിവുകളെയും പദത്തിന്റെ അർഥം ഉൾക്കൊള്ളുന്നുണ്ട്.

رَضُوا بِأَن يَكُونُوا مَعَ الْخَوَالِفِ എന്നു തുടങ്ങുന്ന ഖണ്ഡം നേരത്തെ 87-ാം സൂക്തത്തിൽ വന്നിട്ടുള്ളതാണ്. അവിടെ അവസാനം فَهُمْ لَا يَفْقَهُونَ എന്നാണെങ്കിൽ, ഇവിടെ فَهُمْ لَا يَعْلَمُونَ എന്നാണെന്ന വ്യത്യാസമേയുള്ളൂ. ചിന്തിച്ചു ഗ്രഹിക്കുകയും പ്രത്യക്ഷമായ അറിവുകളിൽനിന്ന് അതിനപ്പുറമുള്ള കാര്യങ്ങൾ മനസ്സിലാക്കുകയുമാണ് فقه. തഫഖ്ഖുഹ് ഉൾപ്പെടെയുള്ള അറിവിനെയും പ്രത്യക്ഷമായ കാര്യങ്ങൾ മാത്രം മനസ്സിലാക്കുന്നതിനെയും علم എന്നു പറയും. കാപട്യത്തിന്റെ മൂടിവീണവരുടെ മനസ്സുകൾക്ക് ഫിഖ്ഹ് മാത്രമല്ല, പ്രത്യക്ഷമായ കാര്യങ്ങൾ പോലും ശരിക്ക് അറിയാൻ കഴിയുന്നില്ല എന്നാണിവിടെ സാരം.

ഈ സൂക്തങ്ങളിൽനിന്ന് കർമശാസ്ത്രപണ്ഡിതന്മാർ രണ്ട് അടിസ്ഥാന തത്ത്വങ്ങൾ നിർദ്ദാരണം ചെയ്തിരിക്കുന്നു. 1) നിയമം പാലിക്കാൻ ശക്തിയില്ലാത്തവന് നിയമബാധ്യതയില്ല. ഒരു സംഗതിക്ക് കഴിവില്ലാത്തവന് അക്കാര്യം അപ്രസക്തമാകു

ന്നു. ഇത്തരം കാര്യങ്ങൾ ചിലപ്പോൾ മറ്റൊന്നായി മാറിയേക്കും. ഉദാഹരണമായി, നോമ്പുനോൽക്കാൻ കഴിവില്ലാത്തവന് ഫിദ്‌യ നിർബന്ധമാണ്. ചിലതിൽ കഴിവുണ്ടാകുമ്പോൾ ചെയ്യണം എന്ന നിശ്ചയം മാത്രമാണ് അശക്തനുള്ള ബദൽ. കഴിവുകേട് എന്ന നിലയിൽ ശാരീരികാവശതയും സാമ്പത്തികാവശതയും തമ്മിൽ വ്യത്യാസമില്ല. സൂറ *അൽബഖറ* 286-ാം സൂക്തത്തിലെ لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا وُسْعَهَا (അല്ലാഹു ആരോടും അവന്റെ കഴിവിൽ കവിഞ്ഞത് കൽപിക്കുന്നില്ല) എന്ന വാക്യത്തിന്റെ ഒരു പൂരകമോ വിശദീകരണമോ ആയി ഈ സൂക്തങ്ങളെ കണക്കാക്കാം. സൂറ *അന്നൂറി*ലെ لَّيْسَ عَلَى ٱلْأَعْمَىٰ എന്നുതുടങ്ങുന്ന 61-ാം വാക്യവും ഈ ഇനത്തിൽ പെടുന്നു.

2) മനുഷ്യൻ അടിസ്ഥാനപരമായി ബാധ്യതാ മുക്തനാകുന്നു. അല്ലെങ്കിൽ കുറ്റം സ്ഥിരപ്പെടുന്നതുവരെ കുറ്റമുക്തനാകുന്നു. നിയമം നടപ്പിലാക്കാത്തവനല്ല, ലംഘിച്ചവനാണ് കുറ്റവാളി. അശക്തിമൂലം നിയമം നടപ്പിലാക്കാത്തവൻ നല്ലവൻ محسن ആകുന്നു. മുഹ്സിനെ കുറ്റപ്പെടുത്താൻ ന്യായമില്ല. ജീവനും ധനവും മൗലികമായി ആദരണീയങ്ങളാണ്. സുസ്ഥിരമോ ആനുഷംഗികമോ ആയ പ്രമാണമില്ലാതെ അതിനെ ക്ഷതപ്പെടുത്താവതല്ല.

**94-96:** പ്രവാചകനും സഖാക്കളും മദീനയിൽ തിരിച്ചെത്തിയാൽ സമരയാത്രയിൽനിന്നു പിന്മാറിയ കപടന്മാർ പലതരം ഒഴികഴിവുകളും പറഞ്ഞ് തങ്ങളുടെ പിന്മാറ്റത്തെ ന്യായീകരിക്കുകയും, നേരത്തെ സൂചിപ്പിച്ചപോലെ ഇനി ഇത്തരം സന്ദർഭങ്ങളുണ്ടാകുമ്പോൾ തങ്ങൾ മുന്നിൽ തന്നെയുണ്ടാകുമെന്ന് ഘോഷിക്കുകയും ചെയ്യും. അങ്ങനെ വഞ്ചിക്കാൻ വരുന്നവരോട് സ്വീകരിക്കേണ്ട നിലപാട് വ്യക്തമാക്കുകയാണീ സൂക്തങ്ങളിൽ. നിങ്ങളുടെ ഒരു ക്ഷമാപണവും ഞങ്ങൾക്കുവേണ്ട. നിങ്ങളുടെ ഒഴികഴിവുകളൊന്നും ഞങ്ങൾ ഒട്ടും വിശ്വസിക്കുന്നുമില്ല. നിങ്ങളാരാണെന്നും നിങ്ങളുടെ ഉള്ളിലിരിപ്പെന്താണെന്നും അല്ലാഹു ഞങ്ങൾക്കു വ്യക്തമാക്കിത്തന്നിരിക്കുന്നു. ഇങ്ങനെ പറഞ്ഞുകൊണ്ട് കർക്കശമായിട്ടാണവരെ നേരിടേണ്ടത്. അവരുടെ കാപട്യം ഇനിയും നിങ്ങൾക്കു മനസ്സിലായിട്ടില്ലെന്ന് അവർക്കു തോന്നരുത്. لَوْ خَرَجُواْ فِيكُم مَّا زَادُوكُمْ إِلَّا خَبَالًا (അവർ നിങ്ങളോടൊപ്പം വന്നാൽ നിങ്ങൾക്ക് ദോഷമല്ലാതൊന്നും വർധിപ്പിക്കുകയില്ല) എന്ന് നേരത്തെ 47-ാം സൂക്തത്തിൽ അല്ലാഹു ഉണർത്തിയിട്ടുണ്ടല്ലോ. അതെക്കുറിച്ചായിരിക്കാം 'അല്ലാഹു ഞങ്ങൾക്കു വെളിപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു' എന്നു പറഞ്ഞത്.

ഇവിടെ قُل (നീ പറയുക) എന്ന് ഏകവചനത്തിലും, തുടർന്ന് لَن نُّؤْمِنَ لَكُمْ (ഞങ്ങൾ നിങ്ങളെ ഒട്ടും വിശ്വസിക്കുന്നില്ല) എന്നും قَدْ نَبَّأَنَا ٱللَّهُ (അല്ലാഹു ഞങ്ങൾക്ക് വെളിപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു) എന്നും ബഹുവചനത്തിലും പറഞ്ഞിരിക്കുന്നു. പ്രവാചകന്റെ നാവിലൂടെ എല്ലാ സത്യവിശ്വാസികളെയും കപടന്മാർക്ക് മറുപടി നൽകേണ്ടതെങ്ങനെ എന്നു പഠിപ്പിക്കുകയാണിവിടെ. പ്രവാചകൻ സത്യസന്ധരായ എല്ലാ വിശ്വാസികളുടെയും വക്താവാണല്ലോ. പ്രവാചകനും വിശ്വാസികളും തമ്മിലുള്ള ദൃഢ ബന്ധത്തെയും മാനസിക ഐക്യത്തെയും കൂടി ഈ ശൈലി വ്യഞ്ജിപ്പിക്കുന്നു.

ഇവിടെ കപടന്മാരുടെ പൊയ്മുഖം അല്ലാഹു തന്നെ വലിച്ചുകീറുകയാണ്. ഇങ്ങനെ വലിച്ചുകീറാൻ അല്ലാഹുവിനു മാത്രമേ കഴിവും അധികാരവുമുള്ളൂ. ദൃശ്യാദൃശ്യങ്ങൾ അറിയുന്നവനും അതിൽ അവനുദ്ദേശിക്കുന്നത് തന്റെ ദൂതനെ അറിയിക്കുന്നവനുമാണല്ലാഹു. അങ്ങനെയുള്ള പ്രവാചകന്മാർക്കല്ലാതെ അദൃശ്യരഹസ്യങ്ങളറിയാൻ കഴിയില്ല. മറ്റു നേതാക്കൾക്കും ന്യായാധിപന്മാർക്കും ബാഹ്യമായ സ്ഥിതിഗതികളുടെയും നിയമപരമായ തെളിവുകളുടെയും അടിസ്ഥാനത്തിൽ മാത്രമേ കാര്യങ്ങളിൽ വിധികൽപിക്കാൻ കഴിയൂ. ഒരാൾ ബോധിപ്പിക്കുന്ന ന്യായങ്ങളെ ഖണ്ഡിക്കുന്ന പ്രമാണങ്ങളോ ബുദ്ധിപരമായ തെളിവോ ഇല്ലെങ്കിൽ അത് സ്വീകരിക്കേണ്ടതാണ്; യഥാർഥത്തിൽ അതു തികച്ചും അടിസ്ഥാനരഹിതമായിരിക്കാമെങ്കിലും. താൻ മുസ്‌ലിമാണെന്നവകാശപ്പെടുന്ന ഒരാൾ ആന്തരികമായി കൊടിയ കാഫിറോ മുനാഫിഖോ ആകാമെങ്കിലും കാഫിറാണെന്ന് സ്ഥിരപ്പെടുത്തുന്ന ഖണ്ഡിതമായ തെളിവില്ലാത്തകാലത്തോളം മുസ്‌ലിമായിത്തന്നെ പരിഗണിക്കപ്പെടേണ്ടതാണ്.

وَسَيَرَى ٱللَّهُ.......تَعْمَلُونَ എന്ന വചനം തബൂക്ക് സംഭവത്തിൽ പ്രവാചകനെ വഞ്ചിച്ചവർക്കുള്ള ഒരു താക്കീതും അതോടൊപ്പം സാന്ത്വനവുമാണ്. അവർ ഇതുവരെ കാണിച്ച കാപട്യങ്ങളിലൊക്കെ പശ്ചാത്തപിച്ച് മേലിൽ ആത്മാർഥമായി സൽപ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണെങ്കിൽ തീർച്ചയായും അല്ലാഹു അത് കൈക്കൊള്ളുകയും ഇഹപര സൗഭാഗ്യങ്ങളരുളുകയും ചെയ്യും. നേരെ മറിച്ച്, കുത്സിത നടപടികൾ തന്നെ തുടരുകയാണെങ്കിൽ അതും അല്ലാഹു കാണുന്നുണ്ട്. ഒരു പക്ഷേ, ഇഹത്തിൽ അതിന് പ്രതിഫലം ലഭിച്ചില്ലെന്നുവരാം. പക്ഷേ, ഗോചരവും അഗോചരവുമായ എല്ലാ കാര്യങ്ങളും അറിയുന്ന വിധികർത്താവിന്റെ മുമ്പിൽ വിചാരണ ചെയ്യപ്പെടാൻ ഹാജരാകേണ്ട ഒരുനാളുണ്ട്. നിങ്ങൾ അതീവ രഹസ്യമായി ചെയ്ത കാര്യങ്ങളും പരസ്യമായി ചെയ്ത കാര്യങ്ങളുമെല്ലാം അന്ന് അവൻ നിങ്ങളുടെ മുന്നിൽ വയ്ക്കും. എല്ലാ കർമങ്ങളുടെയും ഫലങ്ങൾ ഒന്നൊഴിയാതെ അനുഭവിക്കേണ്ടി വരികയും ചെയ്യും.

സാധാരണഗതിയിൽ അല്ലാഹുവിനെ പിടിച്ചാണയിട്ട് ഒരു കാര്യം പറയുന്നതുകേട്ടാൽ യഥാർഥ മുസ്‌ലിംകൾക്ക് പെട്ടെന്നത് തള്ളിക്കളയാനാവില്ല. അതുകൊണ്ട് കപടന്മാർ അവരുടെ വിശ്വാസവും സമരത്തിനു വരാതിരുന്നതിന്റെ കാരണങ്ങളുമൊക്കെ വിശ്വാസികളോടു സത്യംചെയ്തു പറഞ്ഞുകൊണ്ടിരിക്കും. ഇത്തരം സത്യങ്ങളൊന്നും വിശ്വാസികൾ ഒട്ടും പരിഗണിക്കേണ്ടതില്ല. കാരണം, യഥാർഥ ദൈവവിശ്വാസമോ സത്യസന്ധതയോ അല്ല അതിന്റെ പിന്നിലുള്ളത്. അവരുടെ വഞ്ചനാപരമായ നടപടികൾ നിങ്ങൾ മറന്നും പൊറുത്തും സംപ്രീതരാവുകയാണവരുടെ ലക്ഷ്യം. അല്ലാഹുവിന്റെ പ്രീതിയല്ല നിങ്ങളുടെ പ്രീതിയാണവർ തേടുന്നത്. ഇനി ഒരുവേള നിങ്ങൾ സംതൃപ്തരായാലും ഇത്തരം ധർമ ധ്വംസകരോട് അല്ലാഹു ഒരിക്കലും തൃപ്തിപ്പെടാൻ പോകുന്നില്ല. ഈ ലോകത്ത് ചെയ്തുകൂട്ടിയ അധർമങ്ങൾക്കുള്ള പ്രതിഫലമായി പരലോകത്ത് നിത്യനരകമാണവരെ കാത്തിരിക്കുന്നത്.

إعراض എന്ന മൂലത്തിൽനിന്നുള്ള ക്രിയാരൂപങ്ങളാണ് اعرضوا-تعرضوا എന്നീ വാക്കുകൾ. അറബി ഭാഷയിൽ പരസ്പര വിരുദ്ധമായ അർഥങ്ങളുള്ള ചില പദങ്ങളുണ്ട്. അക്കൂട്ടത്തിലൊന്നാണ് إعراض. വിട്ടുവീഴ്ച, കണ്ണടക്കൽ, സൗമനസ്യം എന്നും അവഗണിക്കുക, തള്ളിക്കളയുക, വിട്ടകലുക എന്നും അതിനർഥമുണ്ട്. ഈ സന്ദർഭത്തിൽ لِتُعْرِضُواْ എന്നു പറഞ്ഞിട്ടുള്ളത് ആദ്യത്തെ അർഥത്തിലും فَأَعْرِضُواْ എന്നു പറഞ്ഞിട്ടുള്ളത് രണ്ടാമത്തെ അർഥത്തിലുമാണ്.

**97:** വിശ്വാസികളെ തൃപ്തിപ്പെടുത്താൻ കള്ളസത്യം ചെയ്യുന്ന കപടന്മാരോട് വിശ്വാസികൾ ക്ഷമിച്ചാലും അല്ലാഹു ക്ഷമിക്കാൻ പോകുന്നില്ലെന്നും അവർ അധർമികൾ തന്നെയാണെ

ന്നും മുൻ സൂക്തത്തിൽ പ്രസ്താവിച്ചുവല്ലോ. അതു ഒന്നുകൂടി വിശദീകരിക്കുകയാണ് ഈ സൂക്തം. ബദവികൾ ഗ്രാമീണരാണെങ്കിലും നമുക്ക് പരിചിതമായ ഗ്രാമങ്ങൾ പോലെയല്ല അവരുടെ ഗ്രാമം. ഒരു ഗ്രാമത്തിലും സ്ഥിരമായി വസിക്കുന്നവരല്ല അവർ. കൃഷിയിൽ അത്ര തൽപരരുമല്ല. കാലിവളർത്തലാണ് മുഖ്യ ഉപജീവന മാർഗം. പുല്ലും വെള്ളവും തേടി ഇടക്കിടെ വാസകേന്ദ്രം മാറ്റിക്കൊണ്ടിരിക്കുന്ന നാടോടികളായ ഇടയരാണവരിലധികവും. പാരമ്പര്യമായി ലഭിച്ച അറിവുകളല്ലാതെ പുതുതായി എന്തെങ്കിലും അന്വേഷിക്കുകയോ പഠിക്കുകയോ ചെയ്യുക അവരുടെ സ്വഭാവമല്ല. പൈതൃകമായി ലഭിച്ചതിലാകട്ടെ നല്ലൊരുഭാഗം അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ്. പ്രാകൃതത്വവും പരുഷതയും അവരുടെ പ്രധാന ലക്ഷണങ്ങളായിരുന്നു. അവരുടെ കുഫ്‌റും നിഫാഖും (ധർമനിഷേധവും കാപട്യവും) നഗരവാസികളുടേതിനെ അപേക്ഷിച്ച് കൂടുതൽ കടുപ്പമേറിയതും ദൃഢവുമായിരുന്നു. പ്രവാചകന്റെ പ്രബോധനം മനസാന്നിധ്യത്തോടെ കേൾക്കാനോ ഗ്രഹിക്കാനോ ഒട്ടും കൂട്ടാക്കാതെയാണവരിലധികമാളുകളും അദ്ദേഹത്തെ തള്ളിക്കളഞ്ഞിരുന്നത്. വിശ്വാസം പ്രഖ്യാപിച്ചവരിൽതന്നെ വളരെ പേരുടെ ലക്ഷ്യം വിശ്വാസി സമൂഹത്തിൽനിന്ന് ലഭിക്കുന്ന സംരക്ഷണവും ആനുകൂല്യവുമായിരുന്നു. ജീവധനാദികൾകൊണ്ട് സമരംചെയ്യേണ്ട സന്ദർഭങ്ങളുണ്ടാകുമ്പോൾ സ്വാഭാവികമായും ഇത്തരക്കാരുടെ പൂച്ച് പുറത്താകുന്നു.

ദീനിന്റെ വിധിവിലക്കുകൾ അറിയാതിരിക്കാൻ കൂടുതൽ അർഹരും ബദവികളാണ്. وَأَجْدَرُ أَلَّا يَعْلَمُوا حُدُودَ مَا أَنزَلَ اللَّهُ عَلَىٰ رَسُولِهِ - എന്ന പ്രസ്താവനക്ക് രണ്ട് മാനമുണ്ട്. യോഗ്യത, അനുയോജ്യത, അർഹത, ക്ഷമത, ഔചിത്യം മുതലായ അർഥങ്ങളുള്ള جدارةൽ നിന്നുള്ള അത്യുക്തി രൂപമാണ് أجدر. യോഗ്യമായത്, ഉചിതമായത് എന്ന അർഥത്തിൽ جدير ഉപയോഗിക്കുന്നു. جدير بالذكر പ്രസ്താവയോഗ്യമായതാണ്. വാക്യത്തിന്റെ ഒന്നാമത്തെ മാനം ബദവികളുടെ പരുക്കൻ ജീവിത സാഹചര്യമാണ്. പട്ടണങ്ങളിൽനിന്നകന്ന് ഗ്രാമങ്ങളിൽ പ്രകൃതമായ പരുക്കൻ ജീവിതം നയിക്കുന്നവർക്കിടയിൽ നഗരത്തിലുള്ളതുപോലെ പണ്ഡിതന്മാരോ പ്രബോധകരോ വിജ്ഞാന പ്രചാരകരോ ഒന്നുമില്ല. ഉൽപന്നങ്ങൾ വാങ്ങുകയും വിൽക്കുകയും മാത്രമാണ് നഗരവുമായി അവർക്കുള്ള ബന്ധം. ഇക്കാരണത്താൽ മറ്റു വിജ്ഞാനങ്ങളെന്നെ പോലെ ദീനീ വിജ്ഞാനവും വളരെ കുറച്ചേ അവർക്കു ലഭിക്കുന്നുള്ളൂ. ഈ അജ്ഞത അവരുടെ നിഷേധത്തിനും കാപട്യത്തിനും ആക്കംകൂട്ടുന്നു.

കൊടിയ നിഷേധികളും കപടന്മാരുമായതിനാൽ അവർക്ക് ദീനിന്റെ ധാർമിക നിയമങ്ങളൊന്നും അറിഞ്ഞുകൂടാ എന്നതാണ് രണ്ടാമത്തെ മാനം. അവർ പ്രവാചകനുമായി സഹവസിക്കുകയോ മറ്റു പ്രവാചക ശിഷ്യന്മാരുമായി സമ്പർക്കം പുലർത്തുകയോ ചെയ്യുന്നില്ല. ദൈവിക ഗ്രന്ഥവും പ്രവാചക ചര്യയും പഠിക്കാനോ ഹിതാഹിതങ്ങൾ ഗ്രഹിക്കാനോ ശ്രമിക്കുന്നുമില്ല. അവരിലെ അജ്ഞതയും കുഫ്‌റും പരസ്പരം വളർത്തിക്കൊണ്ടിരിക്കുകയാണ്. ഇസ്‌ലാം പ്രിയപ്പെട്ടതും ഈമാൻ ഉള്ളിൽ തട്ടിയതുമായിരുന്നുവെങ്കിൽ അതിന്റെ താൽപര്യങ്ങൾ മനസ്സിലാക്കാനും അതനുസരിച്ചുള്ള ശിക്ഷണവും സംസ്കരണവും നേടാനുമായി അവർ പ്രവാചകനുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുമായിരുന്നു. പക്ഷേ, അതിനൊന്നും അവർ തയാറില്ല. പ്രവാചകന്റെ അടുത്തുവന്ന് അവർ ചോദിക്കുന്നു, മുഹമ്മദേ, മുസ്‌ലിമാവാൻ എന്തുവേണം? അല്ലെങ്കിൽ സ്വർഗം കിട്ടാൻ എന്തുചെയ്യണം? അതുമല്ലെങ്കിൽ നരകത്തിൽനിന്നു രക്ഷപ്പെടാൻ എന്താണ് വേണ്ടത്? എല്ലാറ്റിനും ഒറ്റവാക്കിലുള്ള ഉത്തരമാണ് വേണ്ടത്. കൂടുതൽ കേൾക്കാനൊന്നും നേരമില്ല. അറിവും വിശ്വാസവും വളർത്താനുതകുന്ന ശിക്ഷണ രംഗങ്ങളിൽനിന്നൊക്കെ 'ഞങ്ങൾക്ക് മുതൽ നോക്കാനുണ്ട്, കുടുംബം നോക്കാനുണ്ട്' - شغلتنا أموالنا وأهلونا - എന്ന് ഒഴികഴിവ് പറഞ്ഞ് മാറിപ്പോവുകയാണ് അവരുടെ രീതി. ഈ സൂറയിലെ 122-ാം സൂക്തത്തിൽ വിശ്വാസികൾ ദീനിന്റെ കേന്ദ്രവുമായി സമ്പർക്കം പുലർത്തുകയും ദീനീ വിജ്ഞാനം നേടുകയും അതു പ്രചരിപ്പിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നുണ്ട്.

فَلَوْلَا نَفَرَ مِن كُلِّ فِرْقَةٍ مِّنْهُمْ طَآئِفَةٌ لِّيَتَفَقَّهُوا۟ فِى ٱلدِّينِ وَلِيُنذِرُوا۟

قَوْمَهُمْ إِذَا رَجَعُوٓا۟ إِلَيْهِمْ

(ഇവരിൽ ഓരോ വിഭാഗത്തിൽനിന്നും ഒരുപറ്റമാളുകൾ ദീനിൽ വ്യുൽപത്തിനേടാനും തിരിച്ചുചെന്ന് സ്വജനങ്ങൾക്കു മുന്നറിയിപ്പു നൽകാനും പുറപ്പെടാത്തതെന്ത്?) മദീനയിലെ പ്രവാചക ശിഷ്യന്മാരിൽ സൗകര്യമുള്ളവരെല്ലാം സദാ പ്രവാചകനോട് സഹവസിച്ചു കൊണ്ടാണ് ദീൻ പഠിച്ചിരുന്നത്. ജോലിത്തിരക്കുള്ളവർ അവരുടെ സുഹൃത്തുക്കളുമായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ഊഴമിട്ട് പ്രവാചക സന്നിധിയിലെത്തുകയായിരുന്നു. ഓരോ ദിവസവും പ്രവാചക സദസ്സിൽ പങ്കെടുത്തയാൾ അന്നത്തെ പാഠങ്ങൾ പങ്കെടുക്കാത്തയാളെ പഠിപ്പിക്കണമെന്നായിരുന്നു വ്യവസ്ഥ. മദീനയിലെ കപടവിശ്വാസികൾ പോലും പ്രവാചക സദസ്സുകളിൽ ഹാജരാകാറുണ്ടായിരുന്നു. മുസ്‌ലിംകളാണെന്നവകാശപ്പെട്ടുകൊണ്ട് തങ്ങളുടെ ധർമ നിഷേധത്തിലും കാപട്യത്തിലും തന്നെ വിഹരിക്കുകയായിരുന്നു ബദവികൾ. അതിനാൽ സ്വന്തം അജ്ഞതക്കുത്തരവാദികൾ അവർ തന്നെയാണ്. അതിന്റെ പേരിൽ ശിക്ഷാർഹരുമാണ്. അല്ലാഹുവിന്റെ നടപടികളെല്ലാം ജ്ഞാനത്തിലും യുക്തിയിലും അധിഷ്ഠിതമാണ്. അവൻ ആരുടെ തലയിലും വെറുതെ ജ്ഞാനം ചൊരിഞ്ഞു കൊടുക്കുന്നില്ല. ജ്ഞാനം ആഗ്രഹിക്കുന്നവർക്കും അതുലഭിക്കാനുള്ള യോഗ്യത തെളിയിക്കുന്നവർക്കും മാത്രമേ അവനതു നൽകൂ. ■